## 14 -ാം കേരള നിയമസഭ

## 22 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1466** **18-01-2021 - ൽ മറുപടിയ്ക്ക്**

### മത്സ്യഭവനുകൾ അനുവദിക്കുന്നത് സംബന്ധിച്ച്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഇ. എസ്. ബിജിമോൾ | | Smt. J. Mercykutty Amma<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗക്കാരുൾപ്പെടെ ഏറ്റവും അധികം മത്സ്യതൊഴിലാളികളും, കർഷകരും മത്സ്യബന്ധനം നടത്തിവരുന്ന ജലാശയങ്ങളുള്ള പീരുമേട് നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ചു വന്നിരുന്ന ഫിഷറീസ് വകുപ്പിന്റെ ജില്ലാ ഓഫീസ് മണ്ഡലത്തിൽ നിന്നും എൺപത് കിലോമീറ്ററിലധികം ദൂരെയുള്ള പൈനാവിലേക്ക് മാറ്റിയ സാഹചര്യത്തിൽ പുതുതായി ജില്ലയിൽ അനുവദിച്ചിട്ടുള്ള മത്സ്യഭവനുകളിലൊന്ന് പീരുമേട് നിയോജകമണ്ഡലത്തിൽ ആരംഭിക്കുന്നതിനുള്ള നടപടി വകുപ്പിന്റെ പരിഗണനയിലുണ്ടോ; | (എ) | ഇടുക്കി ജില്ലയിൽ നെടുംകണ്ടം, ഇടുക്കി (ഉൾനാടൻ) എന്നീ സ്ഥലങ്ങളിലാണ് പുതുതായി മത്സ്യഭവനുകൾ ആരംഭിച്ചത്. ഇടുക്കി ജില്ലയിൽ പുതിയ മത്സ്യഭവനുകൾ പുതുതായി ആരംഭിക്കുന്ന പക്ഷം പീരുമേട് മത്സ്യഭവൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ബി) | വളരെ പിന്നോക്കമേഖലയിലുള്ള മത്സ്യ തൊഴിലാളികൾക്കും കർഷകർക്കും ഫിഷറീസ് വകുപ്പിന്റെ സേവനം യഥാസമയം കാര്യക്ഷമമായി ലഭിക്കുന്നതിന് പീരുമേട് നിയോജക മണ്ഡലത്തിൽ മത്സ്യഭവൻ ആരംഭിക്കുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിക്കുമോ; ആയതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ഇടുക്കി ജില്ലയിൽ നെടുംകണ്ടം,ഇടുക്കി (ഉൾനാടൻ) എന്നീ സ്ഥലങ്ങളിലാണ് പുതുതായി മത്സ്യഭവനുകൾ ആരംഭിച്ചത്.ഇടുക്കി ജില്ലയിൽ പുതിയ മത്സ്യഭവനുകൾ പുതുതായി ആരംഭിക്കുന്ന പക്ഷം പീരുമേട് മത്സ്യഭവൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ